● എൻഡോസൾഫാൻ നിരോധനം

ദേശാഭിമാനി 31 oct 2010

# ജനീവയിൽ ഇന്ത്യ വായിച്ചത് കമ്പനിയുടെ കുറിപ്പ്

ടി എൻ സീന

തിരു: സ്ഥിരമായി കാർബൺവിഷാംശങ്ങൾ പുറന്തള്ളുന്ന രാസവസ്തുക്കളുടെ നിരോധനം സംബന്ധിച്ച് ജനീവയിൽ നടന്ന ആഗോളസമ്മേളനത്തിൽ ഇന്ത്യൻ പ്രതിനിധികൾ സംസാരിച്ചത് എൻഡോസൾഫാൻ കമ്പനി നൽകിയ കുറിപ്പുകളുടെ അടിസ്ഥാനത്തിൽ. സന്നദ്ധസംഘടനാ പ്രതിനിധിയായി സമ്മേളനത്തിൽ പങ്കെടുത്ത തണൽ എക്സിക്യൂട്ടീവ് ബോർഡ് അംഗം സി ജയകുമാറാണ് ഇക്കാര്യം വെളിപ്പെടുത്തിയത്. രാജ്യത്തിന്റെ പ്രതിനിധികളായി കേന്ദ്ര കൃഷി ഡെപ്യൂട്ടി സെക്രട്ടറി വന്ദന ജെയ്നിയും പരിസ്ഥിതിവകുപ്പിലെ ഹസാർഡസ് സബ്സ്റ്റൻസ് ഡയറക്ടർ ഡോ. ചന്ദ ചൗധരിയുമാണ് പങ്കെടുത്തത്. ഇന്ത്യയിൽനിന്നുള്ള എൻഡോസൾഫാൻ കമ്പനി പ്രതിനിധികൾ നൽകുന്ന കുറിപ്പുകളുടെ അടിസ്ഥാനത്തിലാണ് ഇവർ ചോദ്യങ്ങൾക്ക് മറുപടി നൽകിയതെന്ന് ജയകുമാർ പറഞ്ഞു.



സി ജയകുമാർ

ഇന്ത്യയിലെ എൻഡോസൾഫാൻ നിർമാണക്കമ്പനിയായ എക്സലിന്റെ ഡയറക്ടർമാരായ എസ് ഗണേഷ്, ഹരിഹരൻ എന്നിവരും എച്ച്ഐഎൽ മാനേജരും എൻഡോസൾഫാൻ നിർമാണക്കമ്പനി ഉടമയുമായ തീർഥാങ്കർ ബസുവും ഈ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. ഒരു പൊതുമേഖലാ കമ്പനിയുടെ മാനേജർ എങ്ങനെയാണ് എൻഡോസൾഫാൻ നിർമാണക്കമ്പനി ഉടമയാകുന്നതെന്ന സംശയം പ്രതിനിധികൾ പ്രകടിപ്പിച്ചു. ഇന്ത്യയിലെ കൃഷിക്കാർ വിവരമില്ലാത്തവരാണെന്നായിരുന്നു സമ്മേളനത്തിൽ രാജ്യത്തെ പ്രതിനിധാനംചെയ്തവർ വാദിച്ചത്. ഓരോ കീടത്തെയും നശിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ അവരെ പഠിപ്പിക്കാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട്, പാർശ്വഫലങ്ങൾ അവഗണിച്ച് എല്ലാതരം കീടങ്ങളെയും നശിപ്പിക്കാൻ കഴിയുന്ന എൻഡോസൾഫാൻ നിരോധിക്കേണ്ടതില്ലെന്ന് ഇന്ത്യ ആവശ്യപ്പെട്ടു.

കേന്ദ്രമന്ത്രി കെ വി തോമസിന്റെ ഇപ്പോഴത്തെ പ്രസ്താവനയും സമ്മേളനത്തിലെ ഇന്ത്യയുടെ നിലപാടും കൂട്ടിവായിക്കുമ്പോൾ സംശയങ്ങൾ ബലപ്പെടുകയാണ്. ഒക്ടോബർ പത്തുമുതൽ 15 വരെയായിരുന്നു സമ്മേളനം. ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്ന് ഓരോ മേഖലയെയും പ്രതിനിധാനംചെയ്ത് 29 അംഗരാജ്യങ്ങളുടെ പ്രതിനിധികളാണ് പങ്കെടുത്തത്. എൻഡോസൾഫാൻ ലോകത്താകമാനം നിരോധിക്കുന്നതുമായി ബന്ധപ്പെട്ട സമവായം ഉണ്ടാക്കുന്നതിനുള്ള ഉടമ്പടിയിൽ 28 രാജ്യവും ഒപ്പുവയ്ക്കാൻ തയ്യാറായപ്പോൾ ഇന്ത്യമാത്രം വിട്ടുനിന്നു. ഇതുമൂലം ഒരുവർഷത്തിനുശേഷം ചേരുന്ന സമ്മേളനത്തിൽമാത്രമേ ഇക്കാര്യം തീരുമാനിക്കാനാകൂ.

കേരളം 2006 മുതൽ എൻഡോസൾഫാൻ നിരോധിച്ചിരിക്കുകയാണെന്ന കാര്യം ഇന്ത്യൻ പ്രതിനിധികൾ മറച്ചുവച്ചു. ഇതുസംബന്ധിച്ച് മുഖ്യമന്ത്രി വി എസ് അച്യുതാനന്ദന്റെയും മന്ത്രി ബിനോയ് വിശ്വത്തിന്റെയും കത്തുകൾ പ്രതിനിധികൾക്കിടയിൽ ചർച്ചയായപ്പോൾ താമസിയാതെ ഈ നിരോധനം പിൻവലിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടെന്നായിരുന്നു ഇന്ത്യയുടെ വാദം.

സ്ഥാവര കാർബണിക് രാസവിഷങ്ങളുടെ നിരോധനം സംബന്ധിച്ച് ഐക്യരാഷ്ട്ര പരിസ്ഥിതി സഭ തയ്യാറാക്കുന്ന ഉടമ്പടിയുടെ ഭാഗമായി 2000ൽ ബോണിൽ നടന്ന സമ്മേളനത്തിൽ ജയകുമാർ പങ്കെടുത്തിരുന്നു. ജനിതകമാറ്റം, കൃഷി, മാലിന്യനിർമാർജനം, പരിസ്ഥിതി തുടങ്ങിയ മേഖലകളിൽ സർക്കാരുമായി ചേർന്ന് തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന പൊതുതാൽപ്പര്യ ഗവേഷണ സംഘടനയാണ് തണൽ.